## മുദ്രകൾ

# ഖുർആന്നും അറബി ഭാഷക്കും സമർപ്പിച്ച ജീവിതം

**41 വർഷമായി** മദീനയിൽ താമസിക്കുന്ന പ്രമുഖ ഇസ്‌ലാമിക പണ്ഡിതനാണ് ഇന്ത്യക്കാരനായ ഡോ. വി. അബ്ദുർറഹീം. വിശ്വോത്തര ഖുർആൻ പ്രചാരണ കേന്ദ്രമായ ഹോളി ഖുർആൻ കോംപ്ലക്സിൽ ഖുർആൻ പരിഭാഷാ വകുപ്പിന്റെ തലവനാണ് തമിഴ്നാട്ടിലെ വേലൂർ വാണിയമ്പാടി സ്വദേശിയായ അബ്ദുർറഹീം ഇപ്പോൾ. അറബി ഭാഷയിൽ അഗാധ പരിജ്ഞാനമുള്ള അദ്ദേഹം ഈ ഭാഷയിൽ നിരവധി ഗവേഷണ പഠനങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ്, ഹീബ്രു, സുരിയാനി, ഗ്രീക്ക്, ലാറ്റിൻ, ഫ്രഞ്ച്, റഷ്യൻ, ഹംഗറി, സംസ്കൃതം തുടങ്ങിയ ലോക ഭാഷകൾക്ക് അറബി ഭാഷയുമായും മറിച്ചുമുള്ള ബന്ധം പഠിക്കാൻ ഈ ഭാഷകളിലെല്ലാം അദ്ദേഹം പ്രാവീണ്യം നേടി. മദീന യൂനിവേഴ്സിറ്റി ഉൾപ്പെടെ സുഊദിയിലെ മിക്ക യൂനിവേഴ്സിറ്റികളിലും അറബിഭാഷാ പഠനത്തിന് ഡോ. വി. അബ്ദുർറഹീം തയാറാക്കിയ ബൃഹത്തായ മൂന്ന് വാള്യങ്ങളുള്ള അറബി ഗ്രന്ഥമാണ് അവലംബിക്കുന്നത്. *ദുറൂസുല്ലുഗതിൽ അറബിയ്യ ലി ഗൈരി നാതിഖീന ബിഹാ* എന്ന ഈ ഗ്രന്ഥം ലണ്ടൻ, കാനഡ, തുർക്കി, മലേഷ്യ, സിറിയ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലും പഠിപ്പിക്കപ്പെടുന്നുണ്ട്.




1932–ലാണ് ഡോ. വി. അബ്ദുർറഹീമിന്റെ ജനനം. വാണിയമ്പാടിയിലെ ഇസ്‌ലാമിയാ ഹൈസ്കൂളിൽനിന്ന് പഠനം പൂർത്തിയാക്കിയ ശേഷം ചെന്നൈയിലെ പ്രസിഡൻസി കോളേജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടി. 1956–ൽ ഇസ്‌ലാമിയ ഹൈസ്ക്കൂളിൽ ഇംഗ്ലീഷ് അധ്യാപകനായി. ഇതിനിടെ അറബി ഭാഷ പഠിക്കാനായി മദ്രാസ് യൂനിവേഴ്സിറ്റിയിൽ അഫ്ദലുൽ ഉലമക്കു ചേർന്നു. ശേഷം അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റിയിൽനിന്ന് അറബിയിൽ ബിരുദാനന്തര ബിരുദം. ഉപരിപഠനത്തിന് ഈജിപ്തിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽ പ്രവേശനം തരണമെന്ന് അഭ്യർഥിച്ച് അന്നത്തെ ഈജിപ്ഷ്യൻ പ്രസിഡന്റ് ജമാൽ അബ്ദുന്നാസിറിന് കത്തയച്ചപ്പോൾ, ജമാലിന്റെ തന്നെ കൈപ്പടയിൽ അനുകൂല മറുപടി വന്നു. അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽ നിന്നായിരുന്നു എം.ഫിൽ. അറബി ഭാഷയിലെ പേർഷ്യൻ പദങ്ങളായിരുന്നു ഗവേഷണ വിഷയം.

അറബി, ഇംഗ്ലീഷ്, ഉർദു ഭാഷകളിലായി 35 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. *യൂറോപ്പ് സ്പീക്സ് അറബിക്* എന്നതാണ് ഏറ്റവും അവസാനം ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായ ഗ്രന്ഥം.

അൽ അസ്ഹറിലെ പഠനശേഷം സുഡാനിലെ ഉമ്മു ദുർമാൻ യൂനിവേഴ്സിറ്റിയിൽ അറബിക്

പ്രഫസറായി. 1969 മുതൽ 1996 വരെ മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ അധ്യാപകനായിരുന്നു. ഇതിനിടെയാണ് ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് എത്തുന്ന വിദ്യാർഥികൾക്ക് അറബിഭാഷ പഠിക്കാൻ ലക്ഷണമൊത്ത ഒരു ഗ്രന്ഥത്തിന്റെ അഭാവം അദ്ദേഹത്തെ അലട്ടിയത്. അതിന്റെ ഫലമായാണ് *ദുറൂസുല്ലുഗ* പിറന്നത്.

1995 മുതൽ മദീനയിലെ ഖുർആൻ പ്രിന്റിംഗ് കോംപ്ലക്സിലാണ് ഈ വയോധികന്റെ സേവനം. ഇപ്പോൾ വയസ്സ് 78. കല്യാണം കഴിച്ചിട്ടില്ല. ഇദ്ദേഹം മേൽനോട്ടം വഹിക്കുന്ന ഖുർആൻ തർജമാ വിഭാഗത്തിനു കീഴിൽ അമ്പതോളം ഭാഷകളിലേക്ക് ഖുർആൻ പരിഭാഷ ചെയ്യപ്പെട്ടിട്ടുണ്ട്. ഏഷ്യൻ ഭാഷകളിൽ 24, ആഫ്രിക്കൻ ഭാഷകളിൽ 12, യൂറോപ്യൻ ഭാഷകളിൽ 11. ■

**റഫീഖുർറഹ്മാൻ മൂഴിക്കൽ**

# നിരീശ്വരവാദിയുടെ മനംമാറ്റം



**പ്രശസ്ത** ഇന്ത്യൻ മനോരോഗ വിദഗ്ധൻ ഡോ. പെരിയ ദർശൻ ഇസ്‌ലാം സ്വീകരിച്ചതായി സുഊദി അറേബ്യയിലെ *അറബ് ന്യൂസ്* ഇംഗ്ലീഷ് പത്രം റിപ്പോർട്ട് ചെയ്തു. ദൈവത്തിൽനിന്ന് നേരിട്ടവതരിച്ച ഒരേയൊരു വേദഗ്രന്ഥത്തെ പിന്തുടരുന്നത് ഇസ്‌ലാം മാത്രമാണെന്ന് അബ്ദുല്ല എന്ന് പേരുമാറ്റിയ പെരിയദർശൻ പറഞ്ഞു. തമിഴ് വംശജനായ അദ്ദേഹം ലോസ് ഏഞ്ചൽസിലെ കാലിഫോർണിയ യൂനിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രഫസറാണ്. ഇന്ത്യയിലെ ചില കുഗ്രാമങ്ങളിൽ പെൺകുഞ്ഞുങ്ങളെ കൊല്ലുന്നതിനെക്കുറിച്ച് തമിഴിൽ നിർമിച്ച 'കറുത്തമ്മ' എന്ന സിനിമയിൽ അഭിനയിച്ചിട്ടുണ്ട്. ഈ ചിത്രത്തിന് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഇദ്ദേഹം നിരീശ്വരവാദിയായാണ് അറിയപ്പെട്ടിരുന്നത്. ഉംറ നിർവഹിക്കാനാണ് ഡോ. അബ്ദുല്ല മക്കയിലെത്തിയത്. ■